**കേരള നിയമസഭ**
**19.06.2013-ലെ മറുപടിക്ക്**

<u>ജലസംരക്ഷണ പദ്ധതികൾ</u>

2408 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന വരൾച്ച, കാലാവസ്ഥാ വ്യതിയാനം എന്നിവ പരിഗണിച്ച് ലഭ്യമാകുന്ന ജലം പരമാവധി സംരക്ഷിക്കുന്നതിന് വേണ്ടി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത് എന്നറിയിക്കുമോ;

(ബി) അനുബന്ധ പദ്ധതികളുടെ നടത്തിപ്പിനായി ശാസ്ത്രീയ പഠനങ്ങൾ നടത്തുന്നതിന് വേണ്ട പ്രത്യേക വിഭാഗം വകുപ്പിൽ നിലവിലുണ്ടോ;

(സി) ബന്ധപ്പെട്ട വിഷയ വൈദഗ്ധ്യമുള്ള ഏജൻസികളുമായി സഹകരിച്ച് വിശദമായ പഠനത്തിന് ശേഷം ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിന് ശ്രമമുണ്ടാകുമോ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>മഴവെള്ളം സംഭരണത്തിനും സംരക്ഷണത്തിനും നടപടി</u>

2409 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വർഷക്കാലത്തെ മഴവെള്ളത്തെ നാടിന് എങ്ങനെ മുതൽ കൂട്ടാക്കാമെന്ന കാര്യത്തിൽ പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(ബി) ഇതര വകുപ്പുകളുമായി സഹകരിച്ച് മഴവെള്ളം സംരക്ഷിക്കുവാനും, സംഭരിക്കുവാനും എന്തെല്ലാം നടപടികൾ ആണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദീകരിക്കാമോ;

(സി) മഴവെള്ള സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനായി പൊതുജനാവബോധം സൃഷ്ടിക്കുന്നതിനായി എന്തെല്ലാം നൂതന പദ്ധതികൾ ആവിഷ്ക്കരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) 'ജലനിധി' പദ്ധതിയിലൂടെ എന്തെല്ലാം പ്രവർത്തനങ്ങൾ ആണ് പാലക്കാട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിയതെന്ന് വിശദീകരിക്കാമോ ?

## കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>കുടിവെള്ള വിതരണത്തിന് ജിക്ക പദ്ധതി</u>

2410 ശ്രീ. പാലോട് രവി
'' തേറമ്പിൽ രാമകൃഷ്ണൻ
'' എം. എ. വാഹീദ്
'' ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ള വിതരണത്തിന് ജിക്ക പദ്ധതി പൂർത്തിയാക്കാൻ നടപടികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

'ജിക്ക' പദ്ധതിയിലെ ഇ-ഗവേണൻസ്

2411 ശ്രീ.കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിട്ടിയിൽ 'ജിക്ക' പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന ഇ-ഗവേണൻസ് പദ്ധതിക്ക് എന്തു തുകയാണ് വകയിരുത്തിയിട്ടുള്ളത്; ഇതുവരെ എന്തു തുക ചെലവായിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതിക്കായി പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഭാഗത്തിൽ എത്ര സ്ഥിരം ജീവനക്കാരുണ്ട്;

(സി) കൂടുതൽ സ്ഥിരം ജീവനക്കാരെ ഉൾപ്പെടുത്തി ഐ.റ്റി വിഭാഗം ശക്തിപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ?

**കേരള നിയമസഭ**
**19.06.2013-ലെ മറുപടിക്ക്**

<u>കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതി</u>

2412 ശ്രീ. റ്റി. എൻ. പ്രതാപൻ
'' പി. സി. വിഷ്ണുനാഥ്
'' എ. പി. അബ്ദുള്ളക്കുട്ടി
'' ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ള വിതരണത്തിന്, കേരള വാട്ടർ അതോറിറ്റിയുടെ പദ്ധതി നടത്തിപ്പ് മികച്ച മാനേജ്മെന്റിലൂടെ ഊർജ്ജിതമാക്കുന്നതിന് നടപടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>കുടിവെള്ള വിതരണത്തിന് ഇടത്തരം ശുദ്ധജല പദ്ധതികള്‍</u>

2413 ശ്രീ. കെ. മുരളീധരന്‍
,, ഹൈബി ഈഡന്‍
,, വര്‍ക്കല കഹാര്‍
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ള വിതരണത്തിന് ഇടത്തരം ശുദ്ധജല പദ്ധതികള്‍ കമ്മീഷന്‍ ചെയ്യുന്നതിന് നടപടികള്‍ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജന്‍സികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം പ്രവര്‍ത്തനങ്ങള്‍ നടത്തിയിട്ടുണ്ട്; വിശദാംശങ്ങള്‍ എന്തെല്ലാം?

**കേരള നിയമസഭ**
**19.06.2013-ലെ മറുപടിക്ക്**

<u>കുടിവെള്ള വിതരണത്തിനായി ചെറുകിട ശുദ്ധജല പദ്ധതികൾ</u>

2414 ശ്രീ. എ. റ്റി. ജോർജ്
,, റ്റി. എൻ. പ്രതാപൻ
,, സി. പി. മുഹമ്മദ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ള വിതരണത്തിനായി ചെറുകിട ശുദ്ധജല പദ്ധതികൾ കമ്മീഷൻ ചെയ്യുന്നതിന് നടപടികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 19.06.2013-ലെ മറുപടിക്ക്

<u>കുറ്റ്യാടി ജലസേചന പദ്ധതി</u>

2415

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ജലസേചന പദ്ധതി എന്നാണ് കമ്മീഷൻ ചെയ്തത്;

(ബി) പ്രസ്തുത പദ്ധതികൊണ്ട് ഏതെല്ലാം പ്രദേശങ്ങളിൽ ജലസേചന സൗകര്യം ഒരുക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്; അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുളള കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഇ) തടസ്സങ്ങൾ ഒഴിവാക്കി പദ്ധതിയുടെ ലക്ഷ്യം കൈവരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**
**19.06.2013-ലെ മറുപടിക്ക്**

<u>ശാസ്താംകോട്ട തടാകം നേരിടുന്ന പ്രശ്നങ്ങൾ പഠിക്കാൻ കമ്മീഷൻ</u>

2416 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ശുദ്ധജല തടാകം ഇന്ന് അഭിമുഖീകരിക്കുന്ന പ്രതിസന്ധി പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ശാസ്താംകോട്ട തടാകം നേരിടുന്ന പ്രശ്നങ്ങൾ പഠിക്കാൻ എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഒരു കമ്മീഷനെ നിയമിക്കുമോ;

(സി) അടുത്ത വേനൽ കാലത്ത് തടാക സംരക്ഷണത്തിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>പഴയ കുടിവെള്ള പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് പദ്ധതി</u>

2417 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ കെ.ഡബ്ല്യു.എ. യുടെ പഴയ കുടിവെള്ള പൈപ്പുകൾ മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിക്കായി അനുവദിച്ച തുക എത്രയെന്നും ഈ പദ്ധതി ഏതു ഘട്ടത്തിലാണെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
# 19.06.2013-ലെ മറുപടിക്ക്

<u>പഴയ പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള വാസ്കോൺ പദ്ധതി</u>

2418 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ പഴയ പൈപ്പ് ലൈനുകൾ മാറ്റി പുതിയത് സ്ഥാപിക്കുന്നതിന് വേണ്ടി കുട്ടനാട് പാക്കേജിന്റെ കീഴിൽ പതിമൂന്നാം ധനകാര്യ കമ്മീഷനിൽ നിന്നും തുക അനുവദിക്കുന്നതിന് 'വാസ്കോൺ' പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) 50 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി സമർപ്പിക്കുന്നതിന് 'വാസ്കോൺ' ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**
**19.06.2013-ലെ മറുപടിക്ക്**

<u>തലശ്ശേരി അസംബ്ലി മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ</u>

2419 ശ്രീ.കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ എത്ര കുടിവെള്ള പദ്ധതികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഓരോ പദ്ധതിക്കും എത്ര തുക നീക്കിവെച്ചെന്നും ഇതിൽ എത്ര തുക ചെലവഴിച്ചെന്നും വെളിപ്പെടുത്താമോ;

(സി) ഓരോ പദ്ധതികളുടെയും പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

# കേരള നിയമസഭ
# 19.06.2013-ലെ മറുപടിക്ക്

<u>കൽപ്പറ്റ നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ</u>

2420 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നിലവിലുള്ള കുടിവെള്ള പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിയും ഇപ്പോൾ ഏതെല്ലാം ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഇനിയും ഭരണാനുമതി ലഭിക്കാനുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ പുരോഗതി</u>

2421 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ വിവിധ ഘട്ടങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ ;

(ബി) മൂർക്കനാട് കുടിവെള്ള പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 19.06.2013-ലെ മറുപടിക്ക്

<u>വയന്തല പദ്ധതി കമ്മീഷൻ ചെയ്യാൻ നടപടി</u>

2422 ശ്രീ. വി.എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം നിയോജകമണ്ഡലത്തിലെ എറിയാട്, എടവിലങ്ങ് ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ള വിതരണത്തിനായി നടപ്പിലാക്കിവരുന്ന വയന്തല പദ്ധതി എന്ന് കമ്മീഷൻ ചെയ്യാനാകുമെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവൃത്തികൾ കൂടി പൂർത്തീകരിക്കേണ്ടതുണ്ടെന്ന് വിശദമാക്കാമോ?

**കേരള നിയമസഭ**
**19.06.2013-ലെ മറുപടിക്ക്**

<u>അട്ടപ്പാടിയിലെ കുടിവെള്ള പദ്ധതികള്‍</u>

2423 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അട്ടപ്പാടിയിലെ മൂന്ന് പഞ്ചായത്തുകളിലായി എത്ര കുടിവെള്ള പദ്ധതികള്‍ പ്രവര്‍ത്തിക്കുന്നുവെന്നും അവയുടെ പേരു വിവരവും പ്രവര്‍ത്തിക്കുന്ന പഞ്ചായത്തുകളുടെ പേരും വ്യക്തമാക്കാമോ; ഓരോ പദ്ധതിക്കും എത്ര തുക വീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇതില്‍ ഇപ്പോള്‍ ഏതെല്ലാം പദ്ധതികളില്‍ കൂടി വെള്ളം ലഭിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) ഗുളിക്കടവ് എന്ന ആദിവാസി ഊരില്‍ എത്ര കുടിവെള്ള പദ്ധതികള്‍ നടപ്പിലാക്കിയിട്ടുണ്ടെന്നും ഈ പദ്ധതിയിന്‍ കീഴില്‍ എത്ര ടാപ്പുകള്‍ സ്ഥാപിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ; ഈ ടാപ്പുള്‍ വഴി കുടിവെള്ളം ലഭിക്കുന്നില്ലായെന്ന് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കില്‍ കുടിവെള്ളം ലഭിക്കാത്ത ടാപ്പുകളില്‍ വെള്ളം ലഭിക്കാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>കാക്കടവ് ഡാമിന്റെ സംഭരണ ശേഷി</u>

2424 ശ്രീ. കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

ഏഴിമല നേവല്‍ അക്കാദമി, പെരിങ്ങോം സി.ആര്‍.പി.എഫ് ക്യാമ്പ് എന്നിവിടങ്ങളിലേക്ക് ശുദ്ധജലം എത്തിക്കുന്ന കാക്കടവ് ഡാമിന്റെ സംഭരണ ശേഷി ഉയര്‍ത്തി പ്രദേശവാസികള്‍ക്ക് കൂടി ജലം ലഭ്യമാക്കുന്ന രീതിയില്‍ എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കില്‍ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>റാന്നി താലൂക്കിലെ ചെറുകിട വൈദ്യുതി പദ്ധതികൾ</u>

2425 ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ റാന്നി താലൂക്കിലെ അള്ളുങ്കൽ, കാരിക്കയം എന്നീ ചെറുകിട വൈദ്യുതി പദ്ധതികൾ ആരംഭിക്കുന്നതിന് ജലസേചന വകുപ്പിന്റെ അംഗീകാരം നേടിയിരുന്നോ; വ്യക്തമാക്കുമോ;

(ബി) ഗവ: ഉത്തരവ് (എം.എസ്)നമ്പർ 122/05/വ്യവസായം, 19.09.05 പ്രകാരം ഈ രണ്ട് ചെറുകിട വൈദ്യുതി പദ്ധതികൾ ഇൻഡിപെന്റന്റ് പവർ പ്രോജക്റ്റ് ആയി മാറ്റി ഉത്തരവ് ഇറക്കുന്നതിന് മുമ്പ് ജലവിഭവ വകുപ്പിന്റെ അനുമതി വാങ്ങിയിരുന്നോ; അനുമതി നൽകിയില്ല എങ്കിൽ ജലവിഭവ വകുപ്പ് എന്ത് നടപടി സ്വീകരിച്ചു;

(സി) ഈ ചെറുകിട വൈദ്യുതി പദ്ധതികളുടെ കൈമാറ്റത്തിന് ജലവിഭവ വകുപ്പ് അനുമതി നൽകിയിരുന്നോ?

# കേരള നിയമസഭ
# 19.06.2013-ലെ മറുപടിക്ക്

<u>ജലനിധി പദ്ധതി പ്രവർത്തനങ്ങൾ</u>

2426 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
'' കെ. എൻ. എ. ഖാദർ
'' റ്റി. എ. അഹമ്മദ് കബീർ
'' എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലനിധി പദ്ധതിയുടെ ഒന്നാം ഘട്ട പ്രവർത്തനങ്ങൾ പൂർത്തിയായിക്കഴിഞ്ഞോ; അതു സംബന്ധിച്ച വിശദവിവരം നൽകാമോ;

(ബി) രണ്ടാം ഘട്ട പ്രവർത്തനങ്ങൾ എത്ര പഞ്ചായത്തുകളിൽ ആരംഭിച്ചിട്ടുണ്ട്; മൊത്തം എത്ര പഞ്ചായത്തുകളെ പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇനിയും കുടിവെള്ളപദ്ധതികളുടെ പരിധിയിൽ വരാത്ത പ്രദേശങ്ങളുണ്ടോ; അത്തരം പ്രദേശങ്ങളെ കണ്ടെത്തി കണക്കെടുപ്പു നടത്തിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകാമോ?

**കേരള നിയമസഭ**
**19.06.2013-ലെ മറുപടിക്ക്**

<u>ജലനിധിയുടെ പുതിയ പ്രോജക്ടുകൾ</u>

2427 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലനിധി 2013-14 സാമ്പത്തിക വർഷത്തിൽ ഏതൊക്കെ പദ്ധതികളാണ് പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ബി) ഓരോ പദ്ധതിയുടെയും അടങ്കൽ തുക എത്രയാണ്;

(സി) ഓരോ പദ്ധതിക്കുമുള്ള വിഭവസമാഹരണം എപ്രകാരമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

ജലനിധി പദ്ധതിയുടെ പ്രവര്‍ത്തനം

2428 ശ്രീ. കെ. ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ജലനിധി പദ്ധതിയുടെ ഒന്നും, രണ്ടും ഘട്ടങ്ങളിലെ പ്രവര്‍ത്തനങ്ങള്‍ വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ സംസ്ഥാനത്ത് എത്ര കുടിവെള്ള പദ്ധതികള്‍ പൂര്‍ത്തിയാക്കിയിട്ടുണ്ടെന്നും അതുവഴി എത്ര പേര്‍ക്ക് കുടിവെള്ളം ലഭ്യമാക്കാന്‍ കഴിഞ്ഞെന്നും വ്യക്തമാക്കുമോ;

(സി) ഈ പദ്ധതികളില്‍ ഉള്‍പ്പെടുത്തി ആരംഭിച്ച കുടിവെള്ള പദ്ധതികളില്‍ എത്രയെണ്ണം ഇപ്പോള്‍ കാര്യക്ഷമമായി പ്രവര്‍ത്തിക്കുന്നുണ്ട്;

(ഡി) ഉപഭോക്തൃസമിതികള്‍ക്ക് കൈമാറിയിട്ടുള്ള ജലനിധി പദ്ധതി പ്രവര്‍ത്തന വൈഷമ്യങ്ങള്‍ നേരിടുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കില്‍, ഏന്തെല്ലാമെന്ന് വിശദമാക്കുമോ;

(ഇ) സാങ്കേതിക കാരണങ്ങളാലോ മറ്റ് കാരണങ്ങളാലോ മുടങ്ങിയ പദ്ധതികള്‍ എത്ര;

(എഫ്) ജലനിധി ഒന്ന്, രണ്ട് ഘട്ടങ്ങളിലെ ആകെ ചെലവ് എത്രയാണ്; ജലനിധി പദ്ധതി ഓഡിറ്റ് ചെയ്യുന്നതിനുള്ള സംവിധാനങ്ങള്‍ ഏതെല്ലാമാണ്?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>ജലനിധി രണ്ടാംഘട്ട പ്രവൃത്തികൾ</u>

2429 ശ്രീ. വർക്കല കഹാർ
'' തേറമ്പിൽ രാമകൃഷ്ണൻ
'' വി. റ്റി. ബൽറാം
'' ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ള വിതരണത്തിന് ജലനിധി രണ്ടാം ഘട്ടത്തിലൂടെ ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ മേഖലയിൽ, പദ്ധതികൾ രൂപീകരിക്കാൻ നടപടികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 19.06.2013-ലെ മറുപടിക്ക്

ഭൂഗർഭ ജലം സംരക്ഷിക്കുന്നതിന് പദ്ധതികൾ

2430 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂഗർഭ ജലം സംരക്ഷിക്കുന്നതിന് നടപ്പാക്കിവരുന്ന പദ്ധതികൾ വിശദമാക്കാമോ;

(ബി) കൂറ്റൻ കെട്ടിടങ്ങളും ഫ്ളാറ്റുകളും ഭൂഗർഭ ജല സമ്പത്തിനെ ചൂഷണം ചെയ്യുന്നത് തടയുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഗ്രൗണ്ട് വാട്ടർ ഡിപ്പർട്ട്മെന്റ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം നിർമ്മാണ പ്രവർത്തനങ്ങളും ജല വിനിയോഗം കൂടുതലുള്ള വ്യവസായശാലകളും പ്രവർത്തിക്കുന്ന പ്രദേശങ്ങളിൽ ഭൂഗർഭജല ചൂഷണം നടക്കുന്നത് സംബന്ധിച്ച് നടക്കുന്ന ജനകീയ പ്രക്ഷോഭങ്ങളിൽ വകുപ്പ് എടുത്ത നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>ഭൂഗർഭ കിണറുകൾ നിർമ്മിക്കുന്ന സ്വകാര്യ ഏജൻസികളെ നിയന്ത്രിക്കുന്നതിന് നടപടി</u>

2431 ശ്രീമതി. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂഗർഭ ജലചൂഷണം വ്യാപകമാക്കുക വഴി ഭൂഗർഭ ജലനിരക്ക് അപായകരമാംവിധം താഴുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ഭൂഗർഭ കിണറുകൾ നിർമ്മിക്കുന്ന സ്വകാര്യ ഏജൻസികളെ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നറിയിക്കാമോ;

(സി) ഭൂഗർഭ കിണറുകളുടെ നിർമ്മാണം പൂർണ്ണമായും സർക്കാർ നിബന്ധനകൾക്ക് വിധേയമായി മാത്രം നിർമ്മിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നറിയിക്കാമോ?

# കേരള നിയമസഭ
# 19.06.2013-ലെ മറുപടിക്ക്

<u>ഹരിതശാല ലാബുകൾ</u>

2432 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കുടിവെള്ളത്തിന്റെ ഗുണ നിലവാര പരിശോധനയ്ക്കായുള്ള ഹരിതശാല ലാബുകൾ തിരുവനന്തപുരം ജില്ലയിൽ ഏതൊക്കെ കോളേജുകളിലാണ് പ്രവർത്തിക്കുന്നത്; വിശദമാക്കാമോ ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

ശുദ്ധജല വിതരണ പൈപ്പുകൾ മാറ്റി സ്ഥാപിക്കാൻ നടപടി

2433 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലുളള മിക്ക ശുദ്ധ ജലവിതരണ പൈപ്പുകളും കാലഹരണപ്പെട്ടവയാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലപ്പഴക്കമേറിയതും ഗുണനിലവാരമില്ലാത്തതുമായ പൈപ്പുകൾ പൊട്ടുന്നത് മൂലമുളള ശുദ്ധജലവിതരണ തടസ്സം പരിഹരിക്കുന്നതിനായി നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത് ;

(സി) ഇത്തരം പൈപ്പുകൾ ഘട്ടംഘട്ടമായി മാറ്റി സ്ഥാപിക്കുന്നതിന് മുൻഗണനാക്രമത്തിൽ പദ്ധതി തയ്യാറാക്കുമെന്ന ബജറ്റ് പ്രഖ്യാപനത്തിന്മേൽ സ്വീകരിച്ചിട്ടുളള നടപടികൾ വിശദമാക്കാമോ ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള ചെലവ്

2434 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2012-13 സാമ്പത്തിക വർഷത്തിൽ ജലവിതരണത്തിനായി പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ; ഇവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>വെള്ളക്കരം കുടിശ്ശിക</u>

2435 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെള്ളക്കരം ഇനത്തിൽ വാട്ടർ അതോറിറ്റിക്ക് പിരിഞ്ഞുകിട്ടാനുള്ള തുക എത്രയാണ്;

(ബി) തുക പിരിച്ചെടുക്കുന്നതിന് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ;

(സി) 2012-13 സാമ്പത്തികവർഷത്തിൽ വാട്ടർ അതോറിറ്റി കുടിശ്ശിക ഇനത്തിൽ എത്ര തുക പിരിച്ചെടുത്തിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>വാട്ടർ അതോറിറ്റിയുടെ സെക്ഷൻ ഓഫീസുകൾ</u>

2436 ശ്രീ. കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിൽ ഒരു സെക്ഷൻ ഓഫീസിനു കീഴിൽ പരമാവധി എത്ര ഉപഭോക്താൾ ഉണ്ട്;

(ബി) വാട്ടർ കണക്ഷനുകളുടെ എണ്ണം കൂടുന്നതു കാരണം അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ജോലിഭാരം കൂടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സെക്ഷൻ ഓഫീസുകളിൽ ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾ എന്തെല്ലാമാണ്;

(സി) കഴിഞ്ഞ 10 വർഷത്തിനിടയിൽ സെക്ഷൻ, സബ്ഡിവിഷൻ, ഡിവിഷൻ ഓഫീസുകളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>പൊൻകുന്നം വാട്ടർ അതോറിറ്റി സബ് ഡിവിഷൻ</u>

2437 ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2013-14-ലെ ബഡ്ജറ്റിൽ പരാമർശിച്ച പൊൻകുന്നം വാട്ടർ അതോറിറ്റി സബ് ഡിവിഷൻ ഓഫീസിന്റെ പ്രവർത്തമാരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>ജപ്പാൻ കുടിവെള്ള പദ്ധതി</u>

2438 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതി ഏതെല്ലാം ജില്ലയിൽ നടപ്പിലാക്കുന്നു; വ്യക്തമാക്കാമോ;

(ബി) ഇതിനായി എത്ര കോടി രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പ്ലാന്റുകൾ, പൈപ്പുകൾ, ടാങ്കുകൾ എന്നിവയുടെ പരിപാലനം

2439 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി പുതുതായി സ്ഥാപിച്ച പ്ലാന്റുകൾ, പൈപ്പുകൾ, ടാങ്കുകൾ എന്നിവയുടെ പരിപാലനം വാട്ടർ അതോറിറ്റിക്ക് പൂർണ്ണമായും കൈമാറിയിട്ടുണ്ടോ;

(ബി) പൂർണ്ണമായും ഇവ കൈമാറുമ്പോൾ നിലവിലുള്ള വാട്ടർ അതോറിറ്റിയുടെ സംവിധാനത്തിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സെഷണൽ ഓഫീസുകളുടെ എണ്ണത്തിൽ ആനുപാതികമായ വർദ്ധനവ് ഉണ്ടാകുമോ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>തിരുവനന്തപുരം നഗരത്തിലെ ജപ്പാൻ കുടിവെള്ള പദ്ധതി</u>

2440 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ നടന്നു കൊണ്ടിരിക്കുന്ന ജപ്പാൻ കുടിവെള്ള പദ്ധതി എന്നത്തേക്കു പൂർത്തിയാക്കി കമ്മീഷൻ ചെയ്യും എന്നു വ്യക്തമാക്കുമോ ;

(ബി) പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതിയും പുരോഗതിയും സംബന്ധിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതി</u>

2441 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ചെറുകുന്ന്, കണ്ണപുരം, പട്ടുവം പഞ്ചായത്തുകളിൽ കുടിവെള്ള ക്ഷാമം രൂക്ഷമായ സാഹചര്യത്തിൽ മുമ്പ് ഒഴിവാക്കിയ സ്ഥലങ്ങൾ കൂടി ഉൾപ്പെടുത്തി പൈപ്പ്ലൈൻ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>മീനാട് ശുദ്ധജലപദ്ധതിയിൻ കീഴിൽ ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന നടപടി</u>

2442 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് മീനാട് ശുദ്ധജലപദ്ധതിയിൻ കീഴിൽ ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിലേക്കായി നടത്തുന്ന പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കുമോ;

(ബി) ഇനി എത്ര കിലോമീറ്റർ ദൂരം പൈപ്പ് ലൈൻ സ്ഥാപിക്കുവാനുണ്ടെന്ന് അറിയിക്കാമോ; ഈ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) ഈ വർഷം ഉണ്ടായ ശുദ്ധജലക്ഷാമം പരിഗണിച്ച് അടിയന്തിരമായി പണികൾ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 19.06.2013-ലെ മറുപടിക്ക്

<u>കേരള വാട്ടർ അതോറിറ്റിയിലെ കമ്പ്യൂട്ടറുകളും അനുബന്ധസാമഗ്രികളും</u>

2443 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ ടെണ്ടർ ഒഴിവാക്കി കെൽട്രോൺ മുഖാന്തിരം കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും വാങ്ങിയിട്ടുണ്ടോ; എങ്കിൽ എത്രയെണ്ണം; വാങ്ങിയത് കെൽട്രോൺ നിർമ്മിച്ച ഉത്പന്നങ്ങളാണോ;

(ബി) കേരള വാട്ടർ അതോറിറ്റി കഴിഞ്ഞ രണ്ടു വർഷക്കാലത്ത് ടെണ്ടർ ഒഴിവാക്കി കെൽട്രോൺ വഴി സോഫ്റ്റ്വെയർ ഉൾപ്പെടെ മറ്റെന്തെല്ലാം ഉത്പന്നങ്ങൾ വാങ്ങിയിട്ടുണ്ട്;

(സി) ആകെ എന്തു തുകയ്ക്കാണ് ഇപ്രകാരം ടെണ്ടർ ഒഴിവാക്കി ഉപകരണങ്ങൾ വാങ്ങിയത്;

(ഡി) അമ്പതു ശതമാനമെങ്കിലും കെൽട്രോണിന് നിർമ്മാണ പങ്കാളിത്തമില്ലാത്ത ഉത്പന്നങ്ങൾ ടെണ്ടർ ഒഴിവാക്കി കെൽട്രോൺ വഴി വാങ്ങുന്നത് നിലവിലുള്ള ഉത്തരവിന് വിരുദ്ധമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>കേരള വാട്ടർ അതോറിറ്റിയുടെ ഐ.റ്റി. മാസ്റ്റർ പ്ലാൻ</u>

2444 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ ഐ.റ്റി. മാസ്റ്റർ പ്ലാൻ പുതുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി ടെണ്ടർ ക്ഷണിച്ചിട്ടുണ്ടോ;

(ബി) ഏതെങ്കിലും കമ്പനികൾ ഇതിനായി പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കമ്പനികളാണെന്നും എത്ര തുകയ്ക്കാണെന്നും അറിയിക്കുമോ;

(സി) ഇതിൽ ഏതെങ്കിലും പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

**കേരള നിയമസഭ**
**19.06.2013-ലെ മറുപടിക്ക്**

<u>കേരള വാട്ടർ അതോറിറ്റി അദാലത്തുകൾ</u>

2445 ശ്രീ. തോമസ് ഉണ്ണിയാടൻ
,, മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഉപഭോക്താക്കളുടെ തർക്കങ്ങൾ പരിഹരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) വാട്ടർ അതോറിറ്റി ജില്ലാ തലത്തിൽ അദാലത്തുകൾ സംഘടിപ്പിക്കാറുണ്ടോ; ഇല്ലെങ്കിൽ അത്തരത്തിൽ അദാലത്തുകൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>കേരള വാട്ടർ അതോറിറ്റിയിൽ ടെക്നിക്കൽ സ്പെഷ്യൽ റൂൾ</u>

2446 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ ടെക്നിക്കൽ സ്പെഷ്യൽ റൂൾ നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇതിനായി എന്തെല്ലാം നടപടികളാണ് അവശേഷിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>കേരള വാട്ടർ അതോറിറ്റിയിൽ ജീവനക്കാരുടെ സ്ഥലംമാറ്റ മാനദണ്ഡങ്ങൾ</u>

2447 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ സ്ഥലംമാറ്റ മാനദണ്ഡങ്ങൾ നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ; ഇതിനായി ഉത്തരവുകൾ പുറപ്പെടുവിക്കുമോ;

(ബി) കേരള വാട്ടർ അതോറിറ്റിയിലെ സ്ഥലംമാറ്റ മാനദണ്ഡങ്ങളെപ്പറ്റി സംഘടനകളുമായി ചർച്ച ചെയ്തു കരട് നിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിൻമേൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
# 19.06.2013-ലെ മറുപടിക്ക്

<u>കേരള വാട്ടർ അതോറിറ്റിയ്ക്ക് നവീന ട്രെയിനിംഗ് സെന്റർ</u>

2448 ശ്രീ. വി. ഡി. സതീശൻ
'' എ. പി. അബ്ദുള്ളക്കുട്ടി
'' ആർ. സെൽവരാജ്
'' വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയ്ക്ക് നവീന ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതിന് നടപടികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

ജലസ്രോതസ്സുകളുടെ സംരക്ഷണം

2449 ശ്രീ.പി. തിലോത്തമൻ
'' ഇ. ചന്ദ്രശേഖരൻ
ശ്രീമതി ഇ. എസ്. ബിജിമോൾ
'' ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംരക്ഷിക്കപ്പെടേണ്ട ജലസ്രോതസ്സുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ സർക്കാരിന്റെ കൈവശമുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ജലസ്രോതസ്സുകളെ സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇത്തരം ജലസ്രോതസ്സുകൾ മലിനപ്പെടാതെ സൂക്ഷിക്കുന്നതിന് തടയുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>ജലശ്രീ പദ്ധതി പ്രകാരം കുളങ്ങളുടെ നവീകരണം</u>

2450 ശ്രീ.ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'ജലശ്രീ' പദ്ധതി പ്രകാരം കുളങ്ങളുടെ നവികരണം നടത്തുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത പദ്ധതി പ്രകാരം എന്തു തുകയുടെ ഭരണാനുമതി ഓരോ ജില്ലയിലും നൽകിയെന്ന് അറിയിക്കുമോ;

(സി) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ പ്രസ്തുത പദ്ധതി പ്രകാരം കുളങ്ങൾ നവീകരിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നുവോ;

(ഡി) പ്രസ്തുത അപേക്ഷയിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>പരമ്പരാഗത ജല സ്രോതസ്സുകളായ കുളങ്ങളുടെ സംരക്ഷണ നവീകരണ പ്രവര്‍ത്തനങ്ങള്‍ക്ക് പദ്ധതി</u>

2451 ശ്രീ. ബെന്നി ബെഹനാന്‍
'' എം. പി. വിന്‍സെന്റ്
'' ലൂഡി ലൂയിസ്
'' അന്‍വര്‍ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ജല സംരക്ഷണത്തിനും ജല സുരക്ഷ ഉറപ്പാക്കുന്നതിനുമായി കുളങ്ങളുടെ സംരക്ഷണ നവീകരണ പ്രവര്‍ത്തനങ്ങള്‍ക്ക് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കില്‍, ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജന്‍സികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം പ്രവര്‍ത്തനങ്ങള്‍ നടത്തിയിട്ടുണ്ട്; വിശദാംശങ്ങള്‍ എന്തെല്ലാം?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>ഓരോ പഞ്ചായത്തിലും ഓരോ കുളം നവീകരിക്കാനുള്ള പദ്ധതി</u>

2452 ഡോ. ടി. എം. തോമസ് ഐസക്
,, കെ. ടി. ജലീൽ
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന ഓരോ പഞ്ചായത്തിലും ഓരോ കുളം നവീകരിക്കാനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ ;

(ബി) കുളം നവീകരണത്തിന് പുതുതായി 179 കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ഈ പദ്ധതി എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; എന്തെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>മണ്ഡലാടിസ്ഥാനത്തിൽ കുളങ്ങളുടെ നവീകരണം</u>

2453 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഓരോ മണ്ഡലത്തിലുള്ള 10 കുളങ്ങൾ വീതം നവീകരിക്കുന്നതിന് സ്വീകരിച്ച പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്താകെ എത്ര കുളങ്ങൾ നവീകരിച്ചു; ഇതിനായി എന്തു തുക ചെലവഴിച്ചു;

(ബി) പാലക്കാട് ജില്ലയിൽ മണ്ഡലാടിസ്ഥാത്തിൽ എത്ര കുളങ്ങൾ വീതം നവീകരിച്ചുവെന്നും ആയതിന് എന്തു തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) കോങ്ങാട് മണ്ഡലത്തിൽ എത്ര കുളങ്ങൾ നവീകരിക്കുന്നതിനായി നടപടി സ്വീകരിച്ചു; ഇതിനായി എന്തു തുക അനുവദിച്ചു; വിശദമാക്കുമോ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>ചാത്തന്നൂർ മണ്ഡലത്തിൽ ആർ.ആർ.ആർ. പദ്ധതിയനുസരിച്ച് കുളങ്ങളുടെ നവീകരണം</u>

2454 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ ആർ.ആർ.ആർ. പദ്ധതിയനുസരിച്ച് 12 കുളങ്ങൾ പുനരുദ്ധാരണം നടത്തണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിരുന്നുവോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം സംസ്ഥാനത്ത് എത്ര കുളങ്ങൾ നവീകരിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്; അടങ്കൽ തുക എത്രയെന്ന് അറിയിക്കുമോ;

(സി) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ എത്ര കുളങ്ങളുടെ നവീകരണത്തിന് അനുമതി നൽകിയിട്ടുണ്ട്; വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
# 19.06.2013-ലെ മറുപടിക്ക്

<u>ആലപ്പുഴ ജില്ലയിലെ കുടിവെള്ള ക്ഷാമം</u>

2455 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പഞ്ചായത്തുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇവിടങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

മാടക്കാൽ, തെക്കെക്കാട്, ഇടയിലക്കാട് ബണ്ടുകളിൽ കൾവർട്ട്/ട്രാക്ടർവേ നിർമ്മിക്കാൻ അനുമതി

2456

ശ്രീ. കെ.കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പാരിസ്ഥിതിക വെല്ലുവിളി നേരിടുന്ന മാടക്കാൽ, തെക്കെക്കാട്, ഇടയിലക്കാട് ബണ്ടുകളിൽ നിന്നും ഇരു ഭാഗങ്ങളിലേയ്ക്കും നീരൊഴുക്ക് ഉണ്ടാക്കുന്നതിന് ബണ്ടുകളിൽ കൾവർട്ട്/ട്രാക്ടർവെ നിർമ്മിക്കാൻ നൽകിയ നിവേദനങ്ങൾക്ക് അനുമതി നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>ചാലക്കുടി മണ്ഡലത്തിലെ പീലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി</u>

2457 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കോടശ്ശേരി പഞ്ചായത്തിലെ പീലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി റീ ടെണ്ടർ ചെയ്യുന്നതിനായി നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

കാസർഗോഡ് ജില്ലയിൽ പാണ്ടിക്കണ്ടം റഗുലേറ്റർ കം ബ്രിഡ്ജ്

2458 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പാണ്ടിക്കണ്ടം റഗുലേറ്റർ കം ബ്രിഡ്ജിന് പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകേണ്ടത് ആരാണ്;

(സി) ആയതിനുള്ള എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) ഈ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ വന്നിട്ട് എത്ര നാളായി;

(ഇ) മേൽ പ്രവൃത്തിക്ക് എന്ന് സാങ്കേതികാനുമതി നൽകും എന്ന് അറിയിക്കാമോ?

## കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>പൊന്നാനി മണ്ഡലത്തിലെ പി.സി. കനാലിന് കുറുകെയുള്ള ലോക്ക് കം ബ്രിഡ്ജ്</u>

2459

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിലെ പി.സി. കനാലിന് കുറുകെയുള്ള വെളിയങ്കോട് ലോക്ക് കം ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ പ്രവൃത്തിക്കുള്ള എം.എസ്, റ്റി.എസ്. എന്നിവ ലഭ്യമായിട്ടുണ്ടോ;

(സി) എങ്കിൽ എന്ന് ടെണ്ടർ നടത്തി പ്രവൃത്തി തുടങ്ങാനാകുമെന്ന് അറിയിക്കാമോ?

**കേരള നിയമസഭ**
**19.06.2013-ലെ മറുപടിക്ക്**

<u>കാര്യങ്കോടു പുഴക്കു കുറുകെ നിർമ്മിക്കുന്ന</u>
<u>"വെൻഡഡ് ചെക്ക് ഡാം കം ട്രാക്ടർ വേ"</u>

2460
ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭരണാനുമതി ലഭിച്ച ചെറുപുഴ ഗ്രാമപഞ്ചായത്തിലെ ചെറുപുഴയിൽ കാര്യങ്കോടു പുഴക്കു കുറുകെ നിർമ്മിക്കുന്ന "വെൻഡഡ് ചെക്ക് ഡാം കം ട്രാക്ടർ വേ" യുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

റാന്നി നിയോജകമണ്ഡലത്തിൽ ആരംഭിക്കുന്ന ജലവിതരണ പദ്ധതികൾ

2461 ശ്രീ.രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജക മണ്ഡലത്തിൽ ആരംഭിക്കുന്ന എത്ര ജലവിതരണ പദ്ധതികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്, പദ്ധതിയുടെ പേരും, തുകയും, ഭരണാനുമതി ലഭിച്ച തീയതിയും ലഭ്യമാക്കുമോ;

(ബി) ഭരണാനുമതി ലഭിച്ച ഓരോ പദ്ധതിയിലും എന്തൊക്കെ പ്രവർത്തികളാണ് ആദ്യഘട്ടത്തിൽ സാധിക്കുന്നത്; ഇവയുടെ ഏതെങ്കിലും പദ്ധതി നിർമ്മാണം ആരംഭിച്ചു കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) എസ്.എൽ.എസ്.എസ്.സി യുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണ്; ഇവയ്ക്ക് ഓരോന്നിനും എത്ര തുകയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്;

(ഡി) ഏതൊക്കെ പദ്ധതികൾക്കാണ് ഇനിയും ഡി.ഇ.ആർ പൂർത്തീകരിക്കാനായുള്ളത്; ഇവയുടെ റിപ്പോർട്ട് വൈകുന്നതിന്റെ കാരണം വിശദമാക്കാമോ; എന്നത്തേക്ക് ഇത് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>നബാർഡ് ആർ.ഐ.ഡി.എഫ് സ്കീം</u>

2462 ശ്രീ. റ്റി.വി.രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ നബാർഡിന്റെ അർ.ഐ.ഡി.എഫ് XVII സ്കീമിൽ ഉൾപ്പെടുത്തി ജലവിഭവ വകുപ്പിൽ നിന്നും ഭരണാനുമതി നൽകിയ പദ്ധതികളുടെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയും;

(ബി) കല്ല്യാശ്ശേരി മണ്ഡലത്തിൽ നിന്നും നബാർഡിന്റെ അർ.ഐ.ഡി.എഫ് സ്കീമിലേക്ക് പുതുതായി സമർപ്പിച്ച പ്രൊപ്പോസൽ ഏതൊക്കെയാണ്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>പുളിങ്കുന്ന്, കാവാലം, പ്രദേശങ്ങളിലേക്ക് ജങ്കാറുകളുടെ നിര്‍മ്മാണം</u>

2463 ശ്രീ.തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഇറിഗേഷന്‍ മെക്കാനിക്കല്‍ വിഭാഗത്തിന്റെ കീഴില്‍ കുട്ടനാട്ടിലെ പുളിങ്കുന്ന്, കാവാലം പ്രദേശങ്ങളിലേക്ക് ജങ്കാറുകളുടെ നിര്‍മ്മാണം എത്രത്തോളം പൂര്‍ത്തീകരിച്ചുവെന്നതു സംബന്ധിച്ച വിശദമായ റിപ്പോര്‍ട്ട് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ജങ്കാറുകളുടെ നിര്‍മ്മാണത്തിന് ഇതു വരെ എത്ര തുക ചെലവഴിച്ചുവെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>വൈപ്പിൻ മണ്ഡലത്തിൽ കൽച്ചിറ കെട്ടി കായലോര പ്രദേശങ്ങൾ ഉയർത്തുന്നതിന് നടപടി</u>

2464 ശ്രീ.എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടൽ, കായൽ തോടുകൾ എന്നിവയ്ക്കു സമീപം താമസിക്കുന്ന വൈപ്പിൻ മണ്ഡലത്തിലെ ദ്വീപു നിവാസികളുടെ താമസസ്ഥലം രൂക്ഷമായ വെള്ളക്കെട്ട് മൂലം വാസയോഗ്യമല്ലാതാകുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വേലിയേറ്റം മൂലവും മറ്റും ഇത്തരത്തിൽ ഉപ്പ്വെള്ളം കയറുന്നത് തടയുന്നതിന് കൽച്ചിറ കെട്ടി കായലോര പ്രദേശങ്ങൾ ഉയർത്തുന്നതിന് എത്ര അപേക്ഷകളാണ് വൈപ്പിൻ മണ്ഡലത്തിൽ നിന്നും ലഭിച്ചതെന്നും ഇതിൻമേൽ സ്വീകരിച്ച നടപടിയെന്തെന്നും, എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

കുറ്റ്യാടി ജലസേചന പദ്ധതി രാമല്ലൂർ - കരുവണ്ണൂർ കാവുന്തറ -തച്ചിനാനി താഴെ ഫീൽഡ് ബോത്തിയിലേക്കുള്ള ജലവിതരണം

2465 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കുറ്റ്യാടി ജലസേചന പദ്ധതിയിൽ ഉൾപ്പെട്ട നടുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ രാമല്ലൂർ - കരുവണ്ണൂർ കാവുന്തറ - തച്ചിനാനി താഴെ ഫീൽഡ് ബോത്തിയിലേക്കുള്ള ജലവിതരണം വർഷങ്ങളായി തടസ്സപ്പെട്ടുകിടക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ; പ്രശ്ന പരിഹാരത്തിന് എന്തെങ്കിലും നടപടി പരിഗണനയിലുണ്ടോ; ഇതിന്റെ പുരോഗതി അറിയിക്കാമോ?

**കേരള നിയമസഭ**
**19.06.2013-ലെ മറുപടിക്ക്**

<u>തുമ്പൂർമൂഴിയ്ക്കു മുകളിലായി ചാലക്കുടിപ്പുഴയിൽ സ്റ്റോറേജ് ഡാം</u>

2466 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തുമ്പൂർമൂഴിയ്ക്കു മുകളിലായി ചാലക്കുടിപ്പുഴയിൽ സ്റ്റോറേജ് ഡാം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

കല്ലട ജലസേചന പദ്ധതിയുടെ കനാൽ റോഡുകളുടെ പുനരുദ്ധാരണം

2467 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കല്ലട ജലസേചന പദ്ധതിയുടെ ഭാഗമായ കനാൽ റോഡുകളുടെ പുനരുദ്ധാരണത്തിന് 2012-13 സാമ്പത്തിക വർഷം എന്തു തുക അനുവദിച്ചിട്ടുണ്ടായിരുന്നു;

(ബി) പ്രസ്തുത തുകയിൽ എത്ര ചെലവഴിച്ചുവെന്നും ഏതെല്ലാം ഭാഗങ്ങളിൽ പുനരുദ്ധാരണം നടത്തിയെന്നും വ്യക്തമാക്കുമോ;

(സി) കൊട്ടാരക്കര, വെളിയം, എഴുകോൺ പഞ്ചായത്തുകളുടെ ഭാഗമായ കനാൽ റോഡുകൾ പുനരുദ്ധരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>നെയ്യാറ്റിൻകര മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ പ്രവൃത്തികൾ</u>

2468 ശ്രീ.ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നെയ്യാറ്റിൻകര മണ്ലത്തിൽ ജലവിഭവ വകുപ്പിന്റെ എന്തെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി ലഭിച്ചത്; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവർത്തികളുടെ അടങ്കൽ തുക സംബന്ധിച്ച വിവരം ഇനം തിരിച്ച് ലഭ്യമാക്കാമോ;

(സി) നെയ്യാറ്റിൻകര മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ അടിയന്തിര പ്രാധാന്യത്തോടെ തുടങ്ങുന്നതിന് എം.എൽ.എ ശുപാർശ ചെയ്ത എന്തെല്ലാം പ്രവർത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

ഭൂജലവിഭവ വകുപ്പിന്റെ കീഴിൽ നെയ്യാറ്റിൻകര മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ

2469 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെയ്യാറ്റിൻകര മണ്ഡലത്തിൽ എത്ര പദ്ധതികളാണ് ഭൂജലവിഭവ വകുപ്പിന്റെ കീഴിൽ ആരംഭിച്ചതെന്നും ഇതിൽ ഏതെല്ലാം പദ്ധതികളാണ് പൂർത്തീകരിച്ച് കുടിവെള്ളം ലഭ്യമാക്കിയതെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ സർവ്വേ നടത്തിയത് എത്ര പദ്ധതികൾക്കാണെന്നും ഇതിൽ എത്ര കിണർ കുഴിച്ചു എന്നുമുള്ള വിവരം ലഭ്യമാക്കാമോ;

(സി) നെയ്യാറ്റിൻകര മണ്ഡലത്തിലേയ്ക്കായി നൽകിയ ശുപാർശയിൽ സർവ്വെ നടത്താൻ അവശേഷിക്കുന്ന പദ്ധതികളുടെ വിവരം ലഭ്യമാക്കാമോ;

(ഡി) അവശേഷിക്കുന്ന പദ്ധതികൾ അടിയന്തിരമായി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

അമ്പലപ്പുഴ മണ്ഡലത്തിൽ പുലിമുട്ട്/കടൽഭിത്തി നിർമ്മാണം

2470 ശ്രീ.ജി.സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിന്റെ തീരപ്രദേശങ്ങൾ കടലാക്രമണ ഭീഷണിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രദേശങ്ങളിൽ പുലിമുട്ട്/കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള പദ്ധതി കേന്ദ്ര സർക്കാരിനു സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് പദ്ധതി സമർപ്പിച്ചത്; ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാർ തീരുമാനം എന്താണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പ്രദേശങ്ങളിൽ പുലിമുട്ട്/കടൽഭിത്തി നിർമ്മിക്കുന്നതിനും വിടവുകൾ അടയ്ക്കുന്നതിനും, തകർന്ന ഭാഗങ്ങൾ പുനർനിർമ്മിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ കാലവർഷക്കാലത്ത് കടലാക്രമണം തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>പുലിമുട്ടുകൾ സ്ഥാപിക്കുന്നതിന് ചെന്നൈ ഐ.ഐ.ടി.യുടെ പഠനം</u>

2471 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടലാക്രമണ സാധ്യതയുള്ള മേഖലകളിൽ പുലിമുട്ടുകൾ സ്ഥാപിക്കുന്നതിന് ചെന്നൈ ഐ.ഐ.ടി. പഠനം നടത്തുകയും, പുലിമുട്ടുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ നിർദ്ദേശിച്ച് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കേരളത്തിലെ ഏതെല്ലാം പ്രദേശങ്ങളാണ് ഇത്തരത്തിൽ പുലിമുട്ടുകൾ സ്ഥാപിക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ടിരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ചെന്നൈ ഐ.ഐ.ടി. ഡിസൈൻ ചെയ്ത പ്രകാരം ഇതുവരെ എത്ര പുലിമുട്ടുകൾ എവിടെയെല്ലാം സ്ഥാപിച്ചുവെന്നും, ഇനിയും ഏതെല്ലാം പ്രദേശങ്ങളിൽ സ്ഥാപിക്കുവാൻ ഉണ്ടെന്നും ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയെന്തെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>കടൽക്ഷോഭം നിയന്ത്രിക്കാൻ ജൈവവേലി</u>

2472 ശ്രീ.കെ.എൻ.എ.ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടൽക്ഷോഭം നിയന്ത്രിക്കാൻ കണ്ടൽ ഉപയോഗിച്ചുള്ള ജൈവവേലി പരീക്ഷണാർത്ഥം നിർമ്മിക്കാനുള്ള നിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ പ്രകൃതി ദുരന്തനിവാരണ കമ്മീഷനിൽ നിന്നും എന്തെങ്കിലും അഭിപ്രായമോ, നിർദ്ദേശമോ ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത വിഷയത്തിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ പൂവമ്പാറയിൽ ചെക്ക് ഡാം നിർമ്മാണം</u>

2473 ശ്രീ. ബി സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ പൂവമ്പാറയിൽ ചെക്ക് ഡാം നിർമ്മാണത്തെ തുടർന്ന് ആറിന്റെ കരയിടിച്ചിൽ മൂലം ഇരുകരകളിലുമുള്ള ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയായിരിയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലവർഷം ശക്തിയായിരിയ്ക്കുന്ന സാഹചര്യത്തിൽ ഇതിന് അടിയന്തിര പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ?

## കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

കോഴിക്കോട് ജില്ലയിലെ പൂനൂർ പുഴ സംരക്ഷണം

2474 ശ്രീ. എ.കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കരുവട്ടൂർ ഗ്രാമപഞ്ചായത്തിലെ പൂനൂർ പുഴയുടെ വശം കെട്ടി സംരക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പറമ്പിൽ പള്ളി കമ്മിറ്റിയുടെ നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) പറമ്പിൽ പള്ളിയുടെ ശ്മശാനവും പുഴയുടെ സമീപം താമസിക്കുന്ന ജനങ്ങളുടെ ദുരിതവും കണക്കിലെടുത്ത് പൂനൂർ പുഴയുടെ ഓരം കെട്ടി സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**19.06.2013-ലെ മറുപടിക്ക്**

<u>സ്വീവേജ് ഫാമിലെ ട്രീറ്റ്മെന്റ് പ്ലാന്റ്</u>

2475 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മുട്ടത്തറയ്ക്കു സമീപമുള്ള സ്വീവേജ് ഫാമിലെ ട്രീറ്റ്മെന്റ് പ്ലാന്റ് എന്ന് കമ്മീഷൻ ചെയ്യാനാണുദ്ദേശിക്കുന്നത് എന്നു വ്യക്തമാക്കുമോ ;

(ബി) ഇതു സംബന്ധിച്ചുള്ള എല്ലാ വിശദാംശങ്ങളും പ്രസ്തുത പ്ലാന്റിന്റെ ഇപ്പോഴത്തെ സ്ഥിതിയും നിർമ്മാണ പുരോഗതിയും വിശദമാക്കുമോ ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

തിരുവനന്തപുരം നഗരത്തിലെ സ്വീവേജ് സംവിധാനം

2476 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തിരുവനന്തപുരം നഗരത്തിൽ ഇപ്പോൾ സ്വീവേജ് സംവിധാനം ഉള്ളതും ഇല്ലാത്തതുമായ വാർഡുകൾ ഏതൊക്കെയാണെന്നും പ്രസ്തുത സംവിധാനം ഇല്ലാത്ത വാർഡുകളിൽ ആയത് ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്നും, ഉണ്ടെങ്കിൽ എന്നത്തേക്ക് പ്രസ്തുത പ്രവൃത്തി ആരംഭിക്കാനാകും എന്നും വിശദമാക്കാമോ ?

**കേരള നിയമസഭ**
**19.06.2013-ലെ മറുപടിക്ക്**

<u>നഗരങ്ങളിൽ മലിനജല നിർമ്മാർജ്ജന സംവിധാനം</u>

2477 ശ്രീ. ജെയിംസ് മാത്യു
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, കെ. വി. അബ്ദുൾ ഖാദർ
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരങ്ങളിൽ മലിനജല നിർമ്മാർജ്ജന സംവിധാനം ഏർപ്പെടുത്താതിരുന്നതിന് സുപ്രീംകോടതി സർക്കാരിനെ വിമർശിച്ചിട്ടുണ്ടോ; എങ്കിൽ കോടതി ഉത്തരവിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) കോടതി ഉത്തരവിനെ തുടർന്ന് എന്തെങ്കിലും നടപടി സ്വീകരിച്ചോ;

(സി) ഏതൊക്കെ നഗരങ്ങളിലാണ് മലിനജലനിർമ്മാർജ്ജന സംവിധാനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്നും അതിനായി നീക്കിവെച്ചിട്ടുള്ള ഫണ്ടിന്റെ വിശദാംശവും അറിയിക്കാമോ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>ജലഗതാഗത സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ</u>

2478 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, പി. കെ. ബഷീർ
,, എൻ. എ. നെല്ലിക്കുന്ന്
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പതു വർഷത്തെയെങ്കിലും ജലഗതാഗത ആവശ്യം കണക്കിലെടുത്ത് ജലഗതാഗത സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന കാര്യത്തിൽ തീരുമാനം സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(സി) കായലുകളുടെ സർവ്വെ, മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(ഡി) കായലുകളെ ബന്ധിപ്പിച്ചുള്ള കനാലുകളെല്ലാം രണ്ടുവരി ഗതാഗതത്തിന് അനുയോജ്യമാക്കി വികസിപ്പിക്കുന്ന കാര്യം ഇതിൽ ഉൾപ്പെടുത്തുമോ?